V. റിപ്പോർട്ട് സമർപ്പണം

1. 2000- ത്തിലെ കേരള പോലീസ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, പത്താം സബ്ജക്ട് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ 2000- ത്തിലെ കേരള പോലീസ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2000- ത്തിലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലിനെയും 2000- ത്തിലെ കേരള നികുതികളിൻമേലുള്ള സർചാർജ് (ഭേദഗതി) ബില്ലിനെയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ 2000- ത്തിലെ പൊതുവിൽപ്പന നികുതി (ഭേദഗതി) ബില്ലിനെയും 2000- ത്തിലെ കേരള നികുതികളിൻമേലുള്ള സർചാർജ് (ഭേദഗതി) ബില്ലിനെയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

ശ്രീ. ടി.എം. ജേക്കബ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഞാൻ ഇവിടെ ഉന്നയിക്കുന്ന ക്രമപ്രശ്നം, നമ്മുടെ നിയമസഭയിൽ കംപ്ലീറ്റ് റിപ്പോർട്ടിംഗുള്ളതാണല്ലോ ഇത്. സാധാരണഗതിയിൽ പ്രതിപക്ഷാംഗങ്ങൾ വാക്കൗട്ട് നടത്തുന്ന അവസരത്തിൽ ഒരു സ്റ്റേറ്റുമെന്റ് നടത്തി വാക്കൗട്ട് നടത്തിയാൽ വാക്കൗട്ട് നടത്തിയെന്ന് സഭാ നടപടികളുടെ നടപടി കുറിപ്പിൽ രേഖപ്പെടുത്താറുണ്ട്. ഇപ്പോൾ ശ്രീ. പി. രാജു ഇവിടെ നടത്തിയ വാക്കൗട്ടും സഭാ നടപടികളിൽ രേഖപ്പെടുത്തി റിപ്പോർട്ട് ചെയ്യുമോ? റിപ്പോർട്ട് ചെയ്യേണ്ടത് സഭയുടെ കീഴ്വഴക്കങ്ങൾക്ക് ആവശ്യമില്ലേ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതു കേട്ടു. ഞാൻ പറയുന്നതുംകൂടി കേട്ടിട്ട് അങ്ങ് റൂൾ ചെയ്യണം. ഇവിടെ സഭയിലുണ്ടായിട്ടുള്ളത് ഒരു മെമ്പർ ദേഷ്യം വന്നിട്ടോ സന്തോഷം വന്നിട്ടോ പോയതെന്ന് അറിയില്ല. അദ്ദേഹം സഭയുടെ പുറത്തു പോയിരിക്കുകയാണ്. അല്ലാതെ വേറൊന്നുമില്ല. അദ്ദേഹം ദേഷ്യംകൊണ്ട് പോയതാണോ സങ്കടംകൊണ്ട് പോയതാണോ സന്തോഷംകൊണ്ട് പോയതാണോയെന്നുള്ളത് അദ്ദേഹവും ഞങ്ങളും തമ്മിൽ തീരുമാനിച്ചുകൊള്ളാം നിങ്ങൾ ബേജാറാകേണ്ട കാര്യമില്ല.

മി. സ്പീക്കർ : അതിന് ഒരു ചർച്ച വേണ്ട, എന്തിനാണ് ഓരോരുത്തർ ചർച്ച ചെയ്യുന്നത്?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട രാജു അഞ്ചാമത്തെ തവണയാണ് സി.പി.ഐ. സംഘങ്ങൾക്ക് .....(ത ടസ്സം) .....

മി. സ്പീക്കർ : അതുവേണ്ട .....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ അതിലേക്ക് കടക്കുന്നില്ല. ഏതായാലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. അദ്ദേഹത്തിന്റെ വികാരം കണക്കിലെടുത്ത് അദ്ദേഹം ഇറങ്ങി പോയതാണ്. അതിനെയാണ് ഇംഗ്ലീഷിൽ വാക്കൗട്ട് എന്നു പറയുന്നത്. അതാണ് വാക്കൗട്ട്. ധനകാര്യവകുപ്പുമന്ത്രിപോലും സമ്മതിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : സർ, ബഹുമാനപ്പെട്ട ആര്യാടൻ പറഞ്ഞതിനോടും ഞാൻ യോജിക്കുന്നു. അദ്ദേഹം പുറത്തുപോയതാണ്.

മി. സ്പീക്കർ : ഇവിടെ ശ്രീ. ടി.എം. ജേക്കബ് ഒരു ക്രമപ്രശ്നമായി ഉന്നയിച്ചതുകൊണ്ട് ചെയർ ഒരു കാര്യം പറയാം. അല്ലെങ്കിൽ പറയേണ്ട കാര്യമില്ലായിരുന്നു. ഇവിടെ വാക്കൗട്ട് എന്നൊക്കെ പറയുന്നത്. . . (തടസ്സം) . . . ഇത് സ്ഥിരമായിട്ടുള്ള ഒരു കാര്യമാണല്ലോ ..... വാക്കൗട്ട് എന്നുപറയുന്നത് സഭാ നടപടികളുടെ ഭാഗമാണ്. ഇവിടെ മിക്കവാറും ദിവസങ്ങളിൽ ഉണ്ടാകാറുണ്ടല്ലോ. എല്ലാ ദിവസവും ഇല്ലെങ്കിലും. അതൊക്കെ രേഖയിലുണ്ട്. അത് സഭാ നടപടികളുടെ ഭാഗമാണ്. അങ്ങനെയുള്ള നടപടികൾ നടക്കുന്നത് ചെയറിന്റെ അറിവോടു കൂടിയാണ്. അത് ഇതിന്റെ ഭാഗമാണ്. ഇന്ന് ഇവിടെ നടന്നുവെന്ന് പറയുന്ന നടപടി എന്താണെന്ന് എനിക്കറിയില്ല. ചെയറിന്റെ അനുമതിയോടുകൂടിയല്ലാതെ ആരും ഈ സഭയിൽനിന്ന് വാക്കൗട്ട് ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട രാജുവിന് സമയം ചോദിക്കാമായിരുന്നു. പറഞ്ഞാൽ പോരല്ലോ. ചെയറിന്റെ അനുമതിയോടുകൂടിയല്ലാതെ ആരുംതന്നെ സഭയിൽനിന്നും വാക്കൗട്ട് ചെയ്തിട്ടില്ല, അതുകൊണ്ടുതന്നെ സഭാ നടപടിയുടെ ഭാഗമായി അങ്ങനെയൊരു വാക്കൗട്ട് ഇല്ലെന്നുള്ള കാര്യം അറിയിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സഭയിൽ ഒരു മെമ്പർ ഇങ്ങനെ പോയതിന് പ്രീസിഡന്റുണ്ട്. ഞാൻ പറഞ്ഞുതരാം. സി.പി.ഐ.എം.-ൽനിന്ന് ഒരാൾ പോയിട്ടുണ്ട്.

ശ്രീ. ടി.എം. ജേക്കബ് : സർ, അങ്ങ് നൽകിയ റൂളിംഗിനെ ഞങ്ങൾ അംഗീകരിക്കുന്നു. അതിനെ ധിക്കരിക്കുന്നില്ല. ബഹുമാനപ്പെട്ട രാജു ഇറങ്ങിപോയത് എന്തിനാണ്?

മി. സ്പീക്കർ : അത് നമുക്ക് പിന്നെ അന്വേഷിക്കാം. അങ്ങേയ്ക്കും അന്വേഷിക്കാം.

VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(i) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly